7

# ക്രിസ്തുവിന്റെ ജീവിതത്തിന്റെ യോജിപ്പ് പഠിക്കൽ

മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷത്തിലെ വേദഭാഗങ്ങൾ നാം പഠിക്കുവാൻ തുടങ്ങുകയാണ്. നിങ്ങൾ കാണുമ്പോലെ, ഈ പുസ്തകത്തിൽ പഠിക്കേണ്ട ആ യോജിപ്പിന്റെ ഒരു ഭാഗം ആദ്യം തന്നിരിക്കുന്നു. പുസ്തകത്തിലെ ശേഷം ഭാഗത്ത്, ആ പാഠത്തിൽ നിന്നുള്ള വേദഭാഗവുമായി ബന്ധപ്പെട്ട മറ്റൊരു അവതര ണത്തോടൊപ്പം വായിക്കുന്ന ഉത്തരവാദിത്വത്തെ അടിസ്ഥാന പ്പെടുത്തി ഉള്ള ഒരു പാഠവും ഇടവിട്ടു നല്കുന്നുണ്ട്. യോജിപ്പിന്റെ ഓരോ ഭാഗവും പ്രസംഗരീതിയിൽ കൊടുക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. അതിൽ നമുക്ക് രണ്ട് ഉദ്ദേശങ്ങളാണുള്ളത്: (1) ഓരോ പാഠവും കഴിയുന്നത്ര രസകരമാക്കുവാൻ ശ്രമിക്കേണ്ടതിന് (2) വലിയ വേദഭാഗങ്ങൾ എങ്ങനെ പെട്ടെന്നു പരിശോധിക്കാമെന്നു കാണിക്കുവാൻ. ക്രിസ്തുവിന്റെ ജീവിത പരമ്പരയിൽ ഉടനീളം ഈ ക്രമം തുടരുന്നു.

ആവേശകരമായ ഒരു പഠനം ഇനി വരുന്നു. ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചു പഠിക്കുവാൻ കൂടുതൽ സമയം തന്നെ വേണ്ടിവരും. അവന്റെ "കാൽച്ചുവടു പിൻതുടരുവാൻ" നമുക്ക് അവൻ "ഒരു മാതൃക" വെച്ചേച്ചുപോയിരിക്കുന്നു (1 പത്രൊസ് 2:21), യജമാനന്റെ ആ കാൽപാടു കളെ പിന്തുടരാൻ നമുക്ക് പരമാവധി ശ്രമിക്കാം.

## പൂർണ്ണമായും യോജിച്ച ബാഹ്യരൂപരേഖ-പ്രധാന പകർപ്പ്

I. തന്റെ ശുശ്രൂഷക്കു മുമ്പുള്ള യേശുവിന്റെ ജീവിത കാലയളവ്.
   A. ലൂക്കൊസിന്റെ ആമുഖവും സമർപ്പണവും (ലൂക്കൊ. 1:1–4).
   B. യോഹന്നാന്റെ മുഖവുര (യോഹ. 1:1–18).
   C. മത്തായിയുടെ വിവരണത്തിൽ യേശുവിന്റെ വംശാവലി (മത്താ. 1:1–17).
   D. യേശുവിന്റെ വംശാവലി ലൂക്കൊസിന്റെ വിവരണത്തിൽ (ലൂക്കൊ. 3:23–38).
   E. യോഹന്നാൻ സ്നാപകന്റെ ജനനത്തെകുറിച്ച് ദൂതൻ സെഖര്യാ  വിനോടു പറഞ്ഞു (ലൂക്കൊ. 1:5–25).
   F. യേശുവിന്റെ ജനനത്തെ കുറിച്ച് ദൂതൻ മറിയയോടു പറഞ്ഞു (ലൂക്കൊ. 1:26–38).
   G. മറിയ (യേശുവിനെ ഗർഭം ധരിച്ച അമ്മ) എലിശബത്തിനെ (യോഹന്നാൻ സ്നാപകനെ ഗർഭം ധരിച്ച അമ്മ) സന്ദർശിക്കുന്നു (ലൂക്കൊ. 1:39–56).
   H. യോഹന്നാൻ സ്നാപകന്റെ ജനനവും പ്രാരംഭ ജീവിതവും (ലൂക്കൊ 1:57–80).
   I. യേശുവിന്റെ വരവിനെ കുറിച്ച് യോസേഫിനോട് അറിയിക്കുന്നു (മത്താ. 1:18–25).
   J. യേശുവിന്റെ ജനനം (ലൂക്കൊ. 2:1–7).
   K. ഇടയന്മാരോട് യേശുവിന്റെ ജനനത്തെ കുറിച്ച് അറിയിച്ചു (ലൂക്കൊ. 2:8–20).
   L. യേശുവിന്റെ പരിഛേദനയും പേരിടലും; ദേവാലയ ശുശ്രൂഷയും (ലൂക്കൊ. 2:21–39).
   M. കിഴക്കുനിന്നുള്ള വിദ്വാന്മാർ ("ജ്ഞാനികൾ") യേശുവിനെ സന്ദർശിച്ചു (മത്താ. 2:1–12).
   N. ബേഥ്ലെഹേമിലെ ആൺമക്കളെ കൊല്ലുവാൻ കൽപിക്കുന്നതും മിസ്രയീമിലേക്ക് ഓടിപോകുന്നതും (മത്താ. 2:13–18).
   O. ശിശുവായ യേശുവിനെ മിസ്രയീമിൽ നിന്നു നസ്രേത്തിലേക്കു കൊണ്ടുവരുന്നു (മത്താ. 2:19–23; നോക്കുക ലൂക്കൊ. 2:39).
   P. യേശു നസ്രേത്തിൽ താമസിക്കുന്നു; അവനു പന്ത്രണ്ടു വയസ്സാ യപ്പോൾ യെരുശലേം സന്ദർശിക്കുന്നു (ലൂക്കൊ. 2:40–52).

II. യോഹന്നാൻ, എന്ന സ്നാപകന്റെ ശുശ്രൂഷയുടെ ആരംഭം.
   A. യോഹന്നാന്റെ ശുശ്രൂഷ (മത്താ. 3:1–6; മർക്കൊ. 1:1–6; ലൂക്കൊ. 3:1–6).
   B. യോഹന്നാന്റെ സന്ദേശം (മത്താ. 3:7–12; മർക്കൊ 1:7, 8; ലൂക്കൊ 3:7–18).

III. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം.
   A. യേശു യോർദ്ദാൻ നദിയിൽ യോഹന്നാനാൽ സ്നാനം ഏറ്റു (മത്താ. 3:13–17; മർക്കൊ. 1:9–11; ലൂക്കൊ. 3:21, 22; യോഹ.

1:31–34).

B. മരുഭൂമിയിൽ യേശു പരീക്ഷിക്കപ്പെട്ടു (മത്താ. 4:1–11; മർക്കൊ. 1:12, 13; ലൂക്കൊ. 4:1–13).

C. യേശുവിനെ കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യം (യോഹ 1:19–34).

D. യേശുവിന്റെ ആദ്യ ശിഷ്യന്മാർ (യെഹൂദ്യയിൽ) (യോഹ 1:35–51).

E. യേശുവിന്റെ ആദ്യത്തെ അത്ഭുതം (ഗലീലയിലെ കാനാവിൽ) (യോഹാ 2:1–11).

F. യേശുവിന്റെ കഫർന്നഹൂമിലെ ആദ്യതാമസം (ഗലീലിയിൽ) (യോഹ 2:12).

IV. ഒന്നാമത്തെ പെസഹാ മുതൽ രണ്ടാമത്തേതുവരെ

A. യേശുവിന്റെ ശുശ്രൂഷയിലെ ആദ്യപെസഹ.

1. ദൈവാലയ ശുദ്ധീകരണം (യോഹ 2:13–25).
2. നിക്കൊദെമോസിനെ ഉപദേശിക്കുന്നു (യോഹ 3:1–21).

B. യെഹൂദ്യയിലെ ആദ്യശുശ്രൂഷ (യോഹന്നാന്റെ കൂടുതൽ സാക്ഷ്യവും) (യോഹ 3:22–36).